LIBRARY ARCHIVES Kerala Legislative Assembly

വൈപ്പിൻ മണ്ഡലത്തിലെ സെക്ഷൻ ഓഫീസുകൾ

38 (3191) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സെക്ഷന്റെയും പരിധിയിൽ എത്ര ഉപഭോക്താക്കൾ ഉണ്ട്;

(സി) ഓരോ സെക്ഷനിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(ഡി) ഏഴിപ്പുറത്തെയും ജനസാന്ദ്രതയേറിയതും കായൽ, തോടുകൾ എന്നിവ ഏറെയുള്ളതിനാൽ ദുർഘടവുമായ വൈപ്പിനിൽ തികച്ച സേവനം നൽകുന്നതിന് നിലവിലുള്ള സെക്ഷൻ ഓഫീസുകൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം കണക്കിലെടുത്ത് വൈപ്പിൻ മണ്ഡലത്തിൽ പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെറായി, വൈപ്പിൻ, ഞാറക്കൽ എന്നി സെക്ഷൻ ഓഫീസുകളാണ് നിലവിലുള്ളത്.

(ബി) ചെറായി സെക്ഷന കീഴിൽ 18699 ഗണഭോക്താക്കളും വൈപ്പിൻ സെക്ഷന കീഴിൽ 22873 ഗണഭോക്താക്കളും ഞാറക്കൽ സെക്ഷന കീഴിൽ 22673 ഗണഭോക്താക്കളുമാണുള്ളത്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ച.കി.മീ.), അഥവാ 20000 ഉപഭോക്താക്കൾ/100 ച.കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ജലവൈദ്യുത പദ്ധതികളുടെ നേട്ടങ്ങൾ

39 (3192) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* വൈദ്യുതിയിൽ നിന്നുള്ള.